<u>പതിനാലാം കേരളനിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1536** 10.02.2020 ൽ മറുപടിയ്ക്ക്

# പകൽവീട് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പമന്ത്രി)** |
| (എ) | പകൽവീട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ഗ്രാമപഞ്ചായത്തുകളിൽ പകൽ വീട്ടുകൾക്കായുള്ള, കെട്ടിട നിർമ്മാണത്തിനും നിലവിലുള്ള പകൽ വീട്ടുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വിനോദ ഉപാധികൾക്കുള്ള സൗകര്യം ഏർപ്പെടുത്തുന്നതിനുമായുള്ള പ്രോജക്ടുകൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ പകൽ വീട്ടുകളുടെ സുഗമമായ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള കെയർ ഗിവർമാർക്ക് പ്രതിമാസം 7000/- രൂപയിൽ അധികരിക്കാത്ത വേതനം നൽകുന്നതിനുള്ള പ്രോജക്ടുകളും ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്.<br><br>നഗരസഭകളിൽ വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി വയോമിത്രം, പകൽ വീട്, പാലിയേറ്റീവ് കെയർ യൂണിറ്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. |
| (ബി) | വയോജനങ്ങൾക്കായി ഭക്ഷണം,മരുന്ന് തുടങ്ങിയവ ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (ബി) വയോജനങ്ങളായ കിടപ്പ രോഗികൾക്ക് സാന്ത്വന പരിചരണം, ചികിൽസ, മരുന്ന്, പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് |

നടപ്പിലാക്കിവരുന്നു. കൂടാതെ നിരാശ്രയരായവർക്ക് ആശ്രയ പദ്ധതിയിലുൾപ്പെടുത്തി ഭക്ഷണം നൽകുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം നടപ്പാക്കുന്നു. നഗരസഭകളിൽവയോജനങ്ങൾക്കായി വൃദ്ധസദനങ്ങളിൽ നൽകിയിട്ടുള്ള ഭക്ഷണം, മികച്ച അലോപ്പതി സംവിധാനം, വയോ അമൃതം പദ്ധതി, കൗൺസിലിംഗ്, മ്യൂസിക് തെറാപ്പി എന്നിവ നടപ്പിലാക്കിവരുന്നു.

Danuja MS

**സെക്ഷൻ ഓഫീസർ**